നൻമണ്ട, ബാലുശ്ശേരി വീവേഴ്സ് സൊസൈറ്റികൾക്ക് കൊടുക്കാനുള്ള റിബേറ്റ്

687 [684] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽപ്പെട്ട നൻമണ്ട വീവേഴ്സ് സൊസൈറ്റി, ബാലുശ്ശേരി വീവേഴ്സ് സൊസൈറ്റി എന്നീ നെയ്ത്തുതൊഴിലാളി സഹകരണസംഘങ്ങൾക്ക് 1984–85, 1985–86 സാമ്പത്തിക വർഷത്തിൽ റിബേറ്റിനത്തിൽ എത്ര സംഖ്യ കൊടുത്തുതീർക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(1) നൻമണ്ട കൈത്തറി നെയ്ത്തു സഹകരണസംഘത്തിന് 1984–85 സാമ്പത്തിക വർഷത്തിൽ റിബേറ്റിനത്തിൽ 95,240.04 രൂപയും 1985–86-ൽ 1,83,507.74 രൂപയും കൊടുക്കുവാനുണ്ട്.

(2) ബാലുശ്ശേരി കൈത്തറി നെയ്ത്തുസഹകരണ സംഘത്തിന് 1984–85-ൽ 1,39,140.85 രൂപയും 1985–86-ൽ 2,81,291.85 രൂപയും റിബേറ്റ് ഇനത്തിൽ കുടിശ്ശികയുണ്ട്.

പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണസംഘങ്ങൾക്ക് ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായ പദ്ധതികൾ

688* [685] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണസംഘങ്ങൾക്കായി പുതിയ പ്രദർശന വിൽപനശാലകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായപദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിന് ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

ലീവ് കാൻസൽ ചെയ്തശേഷം ഡ്യൂട്ടിക്ക് ഹാജരായ ശ്രീ. മുരളീധരൻ നായർക്കുള്ള ആനുകൂല്യങ്ങൾ

689 [690] ശ്രീ. പി. സി. ജോർജ്ജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ ഡയറക്ടർ ആഫീസിലെ ടെക്നിക്കൽ സൂപ്പർവൈസർ ആയിരുന്ന ശ്രീ. വി. മുരളീധരൻ നായർക്ക് ട്രാൻസ്ഫർ ആൻഡ് പോസ്റ്റിംഗ് നൽകിയത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡ്യൂട്ടി റിപ്പോർട്ട് നൽകുന്ന തീയതി മുതൽ പോസ്റ്റിംഗ് ഓർഡർ നൽകുന്നതുവരെയുള്ള കാലം ഡ്യൂട്ടിയായി പരിഗണിക്കാൻ വ്യവസ്ഥയുണ്ടോ;

(സി) ഉണ്ടെങ്കിൽ അവധികഴിഞ്ഞ് ഡ്യൂട്ടിക്ക് വന്ന പ്രസ്തുത മുരളീധരൻനായർക്ക് ഈ ആനുകൂല്യം നിരസിക്കുവാൻ കാരണമെന്ത്;

(ഡി) ഈ സ്ഥലംമാറ്റത്തോടനുബന്ധിച്ച് ടിയാന് ജോയിനിംഗ് സമയത്തിന് അർഹതയുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എഫ്) മുരളീധരൻനായർക്ക് നിയമാനുസൃതം ലഭിക്കാനുള്ള ആനുകൂല്യം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 22–1–1986–ൽ

(ബി) ചില പ്രത്യേക സാഹചര്യത്തിൽ പരിഗണിക്കാൻ വ്യവസ്ഥയുണ്ട്.

(സി) കേരളാ സർവ്വീസ് ചട്ടങ്ങളം പ്രകാരം പോസ്റ്റിംഗ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി അവധിയിലുള്ള ഉദ്യോഗസ്ഥൻ അവധി കഴിഞ്ഞ് ഹാജരാകാൻ ഉദ്ദേശിക്കുന്ന തീയതി കാലേക്കൂട്ടി അറിയിക്കുന്നതിന് ബാദ്ധ്യതയുണ്ട്. ശ്രീ. മുരളീധരൻ നായർ യഥാസമയം ഇപ്രകാരം റിപ്പോർട്ട് നൽകിയിരുന്നില്ല. അവധി കഴിഞ്ഞതിനുശേഷം ഹാജരാകുകയാണ് ചെയ്തത്. മേൽ സൂചിപ്പിച്ച നിബന്ധന പാലിക്കാത്തതുകൊണ്ടാണ് പോസ്റ്റിംഗ് കിട്ടുന്നതിന് കാത്തുനിൽക്കേണ്ടിവന്ന ദിവസങ്ങളം ഡ്യൂട്ടിയായി പരിഗണിക്കാതിരുന്നത്.

(ഡി) ഉണ്ട്.

(ഇ) ഉദിക്കുന്നില്ല.

(എഫ്) 'സി' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തെ നിക്ഷിപ്ത വനഭൂമി

690 [694] ശ്രീ. സിറിയക് ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ നിക്ഷിപ്ത വനഭൂമിയെത്രയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കൃത്യമായി തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. എന്നാൽ ഉദ്ദേശം 1914 ചതുരശ്ര കി. മീറ്റർ ഉണ്ടായിരിക്കും എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) ജില്ല തിരിച്ചുള്ള ഏകദേശ കണക്ക് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.†

†ലൈബ്രറിയിൽ മേശപ്പുറത്തു വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly